©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## രണ്ടാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

## രണ്ടാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

248/2022.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 21 |
| അനുബന്ധം II | .. | 52 |
| അനുബന്ധം III | .. | 55 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യൂ കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ എട്ടാമത് റിപ്പോർട്ട് 2012 ഡിസംബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ എട്ടാമത് റിപ്പോർട്ട് 2012 ഡിസംബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചു. 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ടിലെ (2009-ലെ 2-ാം ആക്ട്) വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച 984/2009, 756/2011 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ 31-7-2012, 9-8-2012 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുകയും നികുതി, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്.ആർ.ഒ.-കളുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളാണ് സമിതിയുടെ നിഗമനങ്ങളും ശിപാർശകളുമായി എട്ടാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നികുതി (എച്ച്) വകുപ്പിൽ നിന്നും ലഭിച്ച 4-2-2016, 15-6-2017, 13-10-2017, 7-1-2021 എന്നീ തീയതികളിലെ കത്ത് മുഖേനയുള്ള നടപടി പത്രികകൾ 7-12-2016, 17-7-2017, 12-2-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 6 മുതൽ 76 വരെയുള്ളവയിൽ 17-ാം ഖണ്ഡിക ഒഴികെയുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ സമിതി ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തി അദ്ധ്യായം II ആയും സർക്കാരിൽ നിന്നും മറുപടി ലഭിക്കാതിരുന്ന സമിതി ശിപാർശയും ആയതിനുള്ള തുടർശിപാർശയും അദ്ധ്യായം III ആയും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

സമിതി (2011-2014)-യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടി എന്നിവ

### എസ്.ആർ.ഒ. നമ്പർ 984/2009

### ശിപാർശ (ഖണ്ഡിക 6)

'ഭാഗ്യക്കുറി ഏജന്റ് 'എന്നത് ആക്ടിലെ 2(കെ) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതിനാൽ പദ്ധതിയിലെ ഖണ്ഡിക 3 (2)-ലെ 'ലോട്ടറി ഏജന്റ് 'എന്നത് ഖണ്ഡിക 3(8)-ലേതുപോലെ

'ഭാഗ്യക്കുറി ഏജന്റ് 'എന്നും ഖണ്ഡിക 3 (17)-ലെ 'ലോട്ടറി ഏജന്റുമാരുടെയും' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെയും' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 7)</u>

ആക്റ്റിലെ 2(ഐ) വകുപ്പിൽ 'നിധി' എന്നതിനെ നിർവ്വചിച്ചിട്ടുള്ളതിനാൽ ഖണ്ഡിക 3(9)-ലെ 'ക്ഷേമനിധിയുടെ' എന്നത് ഖണ്ഡിക 3(2)-ലേതുപോലെ 'നിധിയുടെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 8)</u>

ഖണ്ഡിക 3(9)-ലെ "....... വാർഷിക ബഡ്ജറ്റ് തയ്യാറാക്കലും സർക്കാരിനു സമർപ്പിക്കലും", ഖണ്ഡിക 3(10)-ലെ "....... വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കൽ", ഖണ്ഡിക 3(11)-ലെ "....... ആഡിറ്റർമാരെ നിയമിക്കൽ, വാർഷിക ആഡിറ്റ് നടത്തൽ" എന്നിവയുടെ വാക്യഘടന ഒരേ രൂപത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 9)</u>

'ചെയർമാൻ' എന്നത് ആക്റ്റിലോ പദ്ധതിയിലോ നിർവ്വചിച്ചിട്ടില്ലെങ്കിലും പദ്ധതിയിൽ പലയിടത്തും 'ചെയർമാൻ' എന്ന് ഉപയോഗിച്ചിട്ടുള്ളതിനാൽ അതിന് വ്യക്തത വരുത്തുന്നതിനായി 'ചെയർമാൻ' എന്നത് പദ്ധതിയിൽ നിർവ്വചിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 10)</u>

ബോർഡിനെതിരെയുള്ള കേസുകളും ബോർഡ് നടത്തുന്നത് ബോർഡിനു വേണ്ടിത്തന്നെയാണെന്നതിനാൽ ഖണ്ഡിക 9(2)-ലെ 'ബോർഡിനു വേണ്ടിയും ബോർഡിന് എതിരെയുമുള്ള കേസുകളുടെ നടത്തിപ്പ് ' എന്നത് 'ബോർഡിനെ പ്രതിനിധീകരിച്ച് വ്യവഹാരങ്ങൾ നടത്തലും വ്യവഹാരത്തെ പ്രതിരോധിക്കലും' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 11)</u>

ഖണ്ഡിക 12-ലെ "ആക്റ്റിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്കു വേണ്ടി മാത്രമേ നിധി വിനിയോഗിക്കാവൂ" എന്നതിലെ 'ലക്ഷ്യങ്ങൾക്കുവേണ്ടി' എന്നതിനു പകരം ആക്റ്റിലെ 3(6)വകുപ്പിൽ ചേർത്തിട്ടുള്ളതുപോലെ 'ആവശ്യങ്ങൾക്കായി' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 13)

ഖണ്ഡിക 14(5)-ൽ പറഞ്ഞിരിക്കുന്ന 'സ്പെഷ്യൽ പെൻഷൻ' എന്നത് ആക്റ്റിലെ 3(6)(എ) വകുപ്പുപ്രകാരമുള്ളതും ഖണ്ഡിക 41-ൽ പ്രതിപാദിച്ചിട്ടുള്ളതുമായ പെൻഷൻ ആകയാൽ 'ആക്റ്റിലെ 3(6)(എ) വകുപ്പു പ്രകാരമുള്ള പ്രത്യേക പെൻഷൻ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 18)

ഭാഗ്യക്കുറി വില്പനക്കാർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ഭാഗ്യക്കുറി രംഗത്തുള്ള ഒരു രജിസ്റ്റേർഡ് ട്രേഡ് യൂണിയന്റെ ശിപാർശയോടു കൂടിയതായിരിക്കണമെന്ന് ഖണ്ഡിക 15(2)-ലെ വ്യവസ്ഥ നിർബന്ധമാക്കേണ്ടതില്ല എന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 20)

'വില്പനക്കാരൻ' എന്നത് ആക്റ്റിൽ നിർവ്വചിച്ചിട്ടില്ലാത്തതിനാൽ ഖണ്ഡിക 15(3)-ലെ 'ഒരു വില്പനക്കാരന്റെ' എന്നത് ആക്റ്റിലെ 2(എൻ) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപോലെ 'ഒരു ഭാഗ്യക്കുറി വില്പനക്കാരന്റെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 21)

ഖണ്ഡിക 15(3), (4), (7) എന്നിവയിൽ ചേർത്തിട്ടുള്ള 'ഏജന്റ് 'എന്നത് ആക്റ്റിലെ 2 (കെ) വകുപ്പ് പ്രകാരം 'ഭാഗ്യക്കുറി ഏജന്റ് 'എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 22)

ഖണ്ഡിക 15(3)-ൽ 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥൻ' എന്നുപയോഗിച്ചിരിക്കുന്നതിന് വ്യക്തതയില്ലാത്തതിനാൽ അതിനുപകരം 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്ന് ചേർക്കണമെന്നും അതിന് കൂടുതൽ വ്യക്തത വരുത്തുന്നതിനായി 'ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്നതിനെ ആക്റ്റിലെ 2(എഫ്) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപോലെ 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്നതും കൂടി പദ്ധതിയിൽ നിർവ്വചിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 23)

ഖണ്ഡിക 15(4) " .....വയസ്സ്, ജനനതീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖയായി പാസ്പോർട്ട്, റേഷൻകാർഡ്, പാൻകാർഡ്, തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, സ്കൂൾ അഡ്മിഷൻ രജിസ്റ്റർ

എന്നിവയിൽ ഏതെങ്കിലുമൊന്നിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇവയിലേതെങ്കിലുമൊന്ന് ഹാജരാക്കാൻ സാധിക്കില്ലായെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അംഗം സാക്ഷ്യപ്പെടുത്തുന്നപക്ഷം ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് "എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 24)

ഖണ്ഡിക 15(6) പ്രകാരം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡിന് ഒടുക്കേണ്ട ഫീസ് ക്ഷേമനിധി ബോർഡ് നാളിതുവരെ നിശ്ചയിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയത് സംബന്ധിച്ച് ബോർഡ് എത്രയും വേഗം തീരുമാനമെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 25)

ഖണ്ഡിക 15(7)-ലെ 'ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥൻ' എന്നത് 'ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 26)

ക്ഷേമനിധിയിൽ അംഗമാകുന്നതിന് ഭാഗ്യക്കുറി ഏജന്റ് അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ എണ്ണം ടിക്കറ്റ് വാങ്ങിയതിന്റെ തെളിവായി ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെന്ന് ഖണ്ഡിക 15(7)-ൽ പറഞ്ഞിട്ടുണ്ടെങ്കിലും സാക്ഷ്യപത്രത്തിന്റെ മാതൃക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സാക്ഷ്യപത്രത്തിന്റെ മാതൃക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 27)

ഖണ്ഡിക 15(3)-ലെ 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥന്റെ' എന്ന് ചേർത്തിരിക്കുന്നത് 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 28)

ഖണ്ഡിക 17-ന്റെ ശീർഷകമായ 'ഏജന്റുമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും' എന്നതിലെ 'ഏജന്റുമാരുടെ' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 30)</u>

ഖണ്ഡിക 19(1)-ലെ 'മൂന്നുമാസം തുടർച്ചയായി' എന്നത് 'ആറുമാസം തുടർച്ചയായി' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 31)</u>

അംഗത്വം റദ്ദ് ചെയ്യുന്നതിനു മുൻപ് ക്രമപ്രകാരം നോട്ടീസ് നൽകുന്നതിനും വിശദീകരണം കേൾക്കുന്നതിനുമുള്ള വ്യവസ്ഥ കൂടി ഖണ്ഡിക 19(3)-ൽ ഉൾപ്പെടുത്തണമെന്നും അതിന് ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 32)</u>

ഖണ്ഡിക 23(1)-ലെ " ....... ക്ഷേമനിധിയിൽ പുനഃരംഗത്വം കിട്ടാൻ അതിന് മുൻപുള്ള ആറ് മാസക്കാലം ശരാശരി പതിനായിരം രൂപയുടെ ടിക്കറ്റ് വാങ്ങിയിരിക്കണം" എന്നത് ഖണ്ഡിക 14(3)-ലേതുപോലെ 'പ്രതിമാസം ശരാശരി' എന്ന് വ്യക്തത വരുത്തി വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 33)</u>

പിഴയും കുടിശ്ശികയും അടച്ച് പുനഃരംഗത്വം നേടുന്ന അംഗത്തിന് 'തുടർന്നുള്ള ഒരു വർഷക്കാലം' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കില്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഉചിതമല്ല. ആയതിനാൽ ഖണ്ഡിക 23(2)-ലെ വ്യവസ്ഥ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 34)</u>

ഖണ്ഡിക 23(5)-ലെ വ്യവസ്ഥ ഒഴിവാക്കണമെന്നും അംഗത്വം നഷ്ടപ്പെട്ടവർ മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് പദ്ധതി പ്രകാരം ലഭിക്കാവുന്ന പരമാവധി ആനുകൂല്യം ലഭിക്കുന്ന തരത്തിൽ പദ്ധതി ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 38)</u>

ക്ഷേമനിധിയുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഖണ്ഡിക 27(1) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 40)

പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കേണ്ടത് സർക്കാർ തന്നെയാണെന്നതിനാൽ ഖണ്ഡിക 30(1)-ലെ "......എന്നാൽ, ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ്" എന്നത് "......എന്നാൽ, ബോർഡിന്റെ ശിപാർശയോടെ സർക്കാരിന് പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ് "എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 45)

ഖണ്ഡിക 33-ലെ 'ലൈഫ് ഇൻഷ്വറൻസ് 'എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 47)

ഖണ്ഡിക 34(1)-ലെ 'ആദ്യത്തെ അഞ്ചു ദിവസം' എന്നത് 'ആദ്യത്തെ അഞ്ചു ദിവസത്തേക്ക് 'എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 50)

ചികിത്സാ സഹായം ലഭിക്കുന്നതിന് അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള അപേക്ഷ ചികിത്സ നടത്തി ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും, എന്നാൽ മതിയായ കാരണമുണ്ടെങ്കിൽ ഒരു വർഷത്തിനുശേഷവും അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമുള്ള വ്യവസ്ഥ കൂടി ഖണ്ഡിക 34(1)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 52)

ഖണ്ഡിക 37(2)-ലെ വിവാഹാനുകൂല്യത്തിനായി അപേക്ഷിക്കുന്നവർ വിവാഹം നടന്നു എന്ന് തെളിയിക്കുന്നതിനായി 'സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി/പ്രസിഡന്റ്/ചെയർമാൻ/മേയർ/എം.എൽ.എ., എം.പി. ....... നൽകിയ സാക്ഷ്യപത്രമോ ......... ഹാജരാക്കേണ്ടതാണ് ' എന്ന വ്യവസ്ഥയിലെ 'മേയർ' എന്നതിനുശേഷമുള്ള '/' ചിഹ്നത്തിനുപകരം 'കോമ' ചേർക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 53)

എല്ലാ വിവാഹങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് 2008-ൽ ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളതിനാൽ [G.O.(P) No.01/2008/Law, dated 29.2.2008] പ്രസ്തുത ചട്ടങ്ങൾ പ്രകാരം 2008 ഫെബ്രുവരി 29-ന് ശേഷം നടത്തുന്ന എല്ലാ വിവാഹങ്ങളും

രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അതുകൊണ്ടുതന്നെ 'സമുദായ സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റിന് ' സാധുതയില്ലാത്തതിനാൽ അത് ഒഴിവാക്കണമെന്നും പകരം 2011 മുതലുള്ള വിവാഹങ്ങളുടെ സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കണമെന്ന വ്യവസ്ഥ ഖണ്ഡിക 37(2)-ൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 54)

അംഗങ്ങളുടെ പെൺമക്കൾ മറ്റൊരു ക്ഷേമനിധിയിൽ അംഗങ്ങളാണെങ്കിൽക്കൂടി അവരുടെ വിവാഹത്തിന് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടിയാണ് ഖണ്ഡിക 37(6)-ൽ അപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിൽ അക്കാര്യം വ്യക്തമായിത്തന്നെ വ്യവസ്ഥ ചെയ്യണമെന്നും അതിന് ആക്റ്റിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 55)

ജനനമരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ കൂടി ഖണ്ഡിക 38(1)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 56)

ഖണ്ഡിക 39(3)-ലെ "ക്ഷേമനിധി ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷകനെ സംബന്ധിച്ച രേഖകൾ പരിശോധിച്ചും, ആവശ്യമായ അന്വേഷണം നടത്തിയും, തെളിവുകൾ വിശകലനം ചെയ്തുമാണ് ആനുകൂല്യം നൽകണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത്" എന്ന വ്യവസ്ഥയിൽ 'തെളിവുകൾ വിശകലനം ചെയ്തുമാണ് ' എന്ന് ചേർത്തിട്ടുള്ളത് കാരണം അപേക്ഷകന് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസമുണ്ടാകരുതെന്നും അതിനായി ഒരു നിശ്ചിത സമയപരിധി നിർണ്ണയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 57)

ഖണ്ഡിക 39(5)-ലെ "...... 'സമർപ്പിക്കാൻ കഴിയാതിരുന്നത് മതിയായ കാരണം ബോർഡിന് ......" എന്നത് "...... 'സമർപ്പിക്കാൻ കഴിയാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോർഡിന് ......" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 58)</u>

അംശദായ തുക തിരികെ നൽകുന്നതു സംബന്ധിച്ച ഖണ്ഡിക 40-ൽ "അംഗത്വം റദ്ദായാൽ ബോർഡിന്റെ തീരുമാനത്തിന് വിധേയമായ അടച്ച തുക, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചുനൽകേണ്ടതാണെന്ന്" വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പലിശ നിരക്ക് നിശ്ചയിച്ചിട്ടില്ല. പലിശ നിരക്ക് പദ്ധതിയിൽ തന്നെ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 60)</u>

ഫാറം നമ്പർ 1-ന്റെ തലക്കെട്ടിലെ 'ലോട്ടറി ഏജന്റുമാരുടെയും' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെയും' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 61)</u>

ഫാറം നമ്പർ 1-നോടൊപ്പം ഹാജരാക്കേണ്ട രേഖയാണ് ഫാറം നമ്പർ 2 എന്നതിനാൽ ഫാറം നമ്പർ 1-ന്റെ ക്രമനമ്പർ 6-ലെ 'അനുബന്ധത്തിലെ ഫാറം നമ്പർ 2 കാണുക' എന്നതിനു പകരം "ഫാറം നമ്പർ 2-ലുള്ള സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിരിക്കണം" എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 62)</u>

ഫാറം നമ്പർ 1-ലെ ക്രമനമ്പർ 10-ൽ 'വൈവാഹിക പദവി' എന്നതിൽ ചേർത്തിട്ടുള്ള 'വിവാഹിതൻ', 'അവിവാഹിതൻ', 'വിധവ', 'വിഭാര്യൻ' എന്നത് 'വിവാഹിതൻ/വിവാഹിത', 'അവിവാഹിതൻ/അവിവാഹിത', 'വിധവ/വിഭാര്യൻ', എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 63)</u>

ഫാറം നമ്പർ 1-ന്റെ ക്രമനമ്പർ 15-ൽ ചേർത്തിട്ടുള്ള 'ലോട്ടറിതൊഴിലാളി' എന്ന പദം ആക്റ്റിൽ നിർവ്വചിക്കുകയോ, ലോട്ടറി തൊഴിലാളികളുടെ അംഗത്വം ആക്റ്റ് അനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അതിന് പകരം 'ഭാഗ്യക്കുറി ഏജന്റോ ഭാഗ്യക്കുറി വില്പനക്കാരനോ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 64)</u>

ഫാറം നമ്പർ 1-ന്റെ അവസാനം 'ഓഫീസ് ഉപയോഗത്തിനായി' പ്രത്യേകമായി ഒരു ഭാഗം ഉള്ളതിനാൽ ഫാറത്തിന്റെ തുടക്കത്തിൽ 'ഓഫീസിന്റെ ഉപയോഗത്തിനായി' എന്ന് കാണിച്ച് ചേർത്തിട്ടുള്ള 'അംഗത്വം നമ്പർ', 'രജിസ്റ്റർ ചെയ്യുന്ന തീയതി' എന്നിവ ഓഫീസ് ഉപയോഗത്തിനായുള്ള ഫാറത്തിന്റെ അവസാന ഭാഗത്ത് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 65)</u>

ഫാറം നമ്പർ 1-ലെ അപേക്ഷയോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോ കൂടി നൽകേണ്ടതാണ് എന്നാണ് ഖണ്ഡിക 15(1), ഫാറത്തിലെ കുറിപ്പ് എന്നിവയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ തിരിച്ചറിയൽ കാർഡ്, അംഗത്വ സാക്ഷ്യപത്രം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കുന്ന രജിസ്റ്റർ, ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ സൂക്ഷിക്കുന്ന രജിസ്റ്റർ എന്നിവയിലേക്കായി ആകെ 'നാല്'' ഫോട്ടോകൾ ആവശ്യമുള്ളതിനാൽ ഫാറം 1-ലെ 'രണ്ട് ഫോട്ടോകൾ' എന്നത് 'നാല് ' ഫോട്ടോകൾ ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 66)</u>

ഫാറം നമ്പർ 1-ലെ 'രജിസ്റ്റർ ചെയ്ത ലോട്ടറി ഏജന്റുമാരുടെ/വില്പനക്കാരുടെ തൊഴിൽ സംഘടനാ ശിപാർശ' എന്നതിലെ 'ലോട്ടറി ഏജന്റുമാരുടെ' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെ' എന്ന് തിരുത്തണമെന്നും ശിപാർശയിൽ "................ എന്ന ആൾ ഭാഗ്യക്കുറി വില്പനക്കാരൻ/ഏജന്റ് ആണെന്നും നിധിയിൽ അംഗത്വത്തിന് ശിപാർശ ചെയ്യുന്നു" എന്നും കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 67)</u>

ഫാറം നമ്പർ 2-ന്റെ തലക്കെട്ടിലെ "...............ക്ഷേമ പദ്ധതി" എന്നത് "ക്ഷേമനിധി പദ്ധതി" എന്ന് തിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 68)</u>

ഫാറം നമ്പർ 5-ന്റെ അവസാനഭാഗത്തും, ഫാറം നമ്പർ 6-ന്റെ ആദ്യഭാഗത്തും ചേർത്തിരിക്കുന്ന 'ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ' എന്നത് 'ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ' എന്ന് തിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 69)</u>

ഖണ്ഡിക 30(1) പ്രകാരമുള്ള പെൻഷൻ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട ഫാറം നമ്പർ 7-ന്റെ തലക്കെട്ട് 'സൂപ്പറാന്വേഷൻ പെൻഷനുള്ള അപേക്ഷ' എന്നതിനു പകരം 'പെൻഷനുള്ള അപേക്ഷ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 70)</u>

ഫാറം നമ്പർ 7-ലെ ക്രമനമ്പർ 15-ൽ 'അർഹതപ്പെട്ട പെൻഷൻ തുക' എന്ന് ചോദിച്ചിരിക്കുന്നതും, ഫാറം നമ്പർ 8-ന്റെ 16, 22 എന്നിവയിലും, ഫാറം നമ്പർ 9-ന്റെ

ക്രമനമ്പർ 18-ലും 'അർഹതപ്പെട്ട തുക' എന്ന് ചോദിച്ചിരിക്കുന്നതും, ഫാറം നമ്പർ 13-ലെ ക്രമനമ്പർ 12-ൽ 'അർഹതപ്പെട്ട ധനസഹായതുക' എന്ന് ചോദിച്ചിരിക്കുന്നതും ഉചിതമല്ലാത്തതിനാൽ അവ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 71)

ഫാറം നമ്പർ '11' പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ ആയതിനാലും, പ്രസവാനുകൂല്യത്തിന് വനിതാ അംഗങ്ങൾക്ക് മാത്രമാണ് അർഹത എന്നതിനാലും പ്രസ്തുത ഫാറത്തിന്റെ സത്യപ്രസ്താവനയിലെ 'അപേക്ഷകന്റെ ഒപ്പ്/വിരലടയാളം' എന്നത് 'അപേക്ഷകയുടെ ഒപ്പ്/വിരലടയാളം' എന്നും, ഫാറത്തിലെ ഓഫീസ് ഉപയോഗത്തിനുള്ള ഭാഗത്ത് ചേർത്തിരിക്കുന്ന "............... രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിരിക്കുന്നു ....." എന്നത് "പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ (ഖണ്ഡിക 72)

'7' മുതൽ '13' വരെയുള്ള ഫാറങ്ങളുടെ രണ്ട് പകർപ്പ് സമർപ്പിക്കണമെന്ന് ഖണ്ഡിക 39(1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത വിവരവും പ്രസ്തുത ഫാറങ്ങൾ ഓരോന്നിനോടുമൊപ്പം ഏതെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നതും കുറിപ്പായി '7' മുതൽ '13' വരെയുള്ള ഫാറങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി (ഖണ്ഡിക 6-11, 13, 18, 20-28, 30-34, 38, 40, 45, 47, 50, 52-58, 60-72)

16-5-2020-ലെ എസ്.ആർ.ഒ. നമ്പർ 327/2020 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട് (അനുബന്ധം I).

(നികുതി വകുപ്പ് 7-1-2021-ലെ 25455/എച്ച്1/2015/റ്റി.ഡി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ (ഖണ്ഡിക 12)

നിലവിൽ ക്ഷേമനിധിക്ക് 6.8 കോടി രൂപയുടെ നിക്ഷേപം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ക്ഷേമനിധി അംഗങ്ങളുടെ ഉന്നമനത്തിനായി ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2009-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് നിലവിൽ വന്നതിന് ശേഷം 2009-10, 2010-11, 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 8.58 ലക്ഷം, 2.86 കോടി, 2.83 കോടി, 6 കോടി, 7.09 കോടി, 10.02 കോടി രൂപ വീതം വിവിധ ക്ഷേമാനുകൂല്യങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഓണം അലവൻസ് ഇനത്തിൽ മാത്രം 11.19 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുതുതായി സർക്കാർ അനുമതി ലഭിച്ച ഒറ്റത്തവണ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 8,75,000 രൂപയുടെ സ്കോളർഷിപ്പ് 2015-16-ൽ അനുവദിക്കുകയുണ്ടായി.

(നികുതി വകുപ്പ് 15-6-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-7-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 15)</u>

ക്ഷേമനിധിയുടെ ആനുകൂല്യം അനർഹർ നേടിയെടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതും, അതോടൊപ്പം അർഹമായ എല്ലാവർക്കും അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ കടമയാണെന്ന് സമിതി കരുതുന്നു. ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം സംസ്ഥാന ഭാഗ്യക്കുറിയുടെ അംഗീകൃത ഏജന്റിന്റെ കീഴിൽ പ്രതിമാസം 10,000 രൂപയോ ത്രൈമാസികമായി 30,000 രൂപയോ മുഖവിലയുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന വിൽപ്പനക്കാരന് ക്ഷേമനിധി അംഗത്വമെടുക്കുന്നതിന് അർഹതയുണ്ട്. ആയതിന് വിൽപ്പനക്കാരൻ വിൽക്കുന്ന ടിക്കറ്റിന്റെ കണക്ക് വിവരം ടിക്കറ്റ് അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തി ഏജന്റിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം ഹാജരാക്കേണ്ടതുണ്ട്. ഈ വ്യവസ്ഥ അനുസരിച്ച് അംഗീകൃത ഏജന്റുമാർ അവർ വാങ്ങുന്ന ടിക്കറ്റിന്റെ കണക്കുകൾ ഉൾപ്പെടുത്തി അവരുടെ കുടുംബാംഗങ്ങളെയും ജീവനക്കാരെയും വില്പനക്കാരായി ചേർത്ത് ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തു വരുന്നുണ്ട്. ഇപ്രകാരം ക്ഷേമനിധി അംഗത്വമെടുക്കുന്നവർ യഥാർത്ഥ വിൽപ്പനക്കാരനാണോ എന്നത് കണ്ടെത്തുന്നത് ശ്രമകരമാണെന്നതിനാൽ ഭാഗ്യക്കുറി വിൽപ്പനക്കാരുടെ ട്രേഡ് യൂണിയനുകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ഇക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ക്ഷേമനിധി അംഗത്വ രജിസ്ട്രേഷൻ ഫോറത്തിൽ ട്രേഡ്

യൂണിയൻ സാക്ഷ്യപ്പെടുത്തൽ നടത്തുന്നതിന് മുൻപ് ഇക്കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശം നൽകുകയും കൂടാതെ ക്ഷേമനിധി അംഗത്വത്തിനായി അപേക്ഷിക്കുന്ന വിൽപ്പനക്കാരിൽ നിന്നും ടിക്കറ്റ് അക്കൗണ്ട് ബുക്ക് മുഖേനയുള്ള കണക്ക് വിവരത്തിന് പുറമേ ഏജന്റിൽ നിന്നും ലഭിക്കുന്ന രസീത് കൂടി വാങ്ങി പരിശോധിച്ച് വിൽപ്പനക്കാരന്റെ സാധുത ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ ക്ഷേമനിധി ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(നികുതി വകുപ്പ് 15-6-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-7-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 16)

ഏതൊരു ക്ഷേമപദ്ധതിയും ഫലപ്രാപ്തിയിലെത്തുന്നത് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ അർഹമായ എല്ലാവർക്കും ലഭിക്കുമ്പോൾ മാത്രമാണ്. അതിനാൽ ക്ഷേമനിധി പദ്ധതിയെക്കുറിച്ച് ഭാഗ്യക്കുറി വില്പനക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭാഗ്യക്കുറി വിൽപ്പനക്കാരുടെ അംഗീകൃത ട്രേഡ് യൂണിയനുകൾ മുഖേന താലൂക്ക് തല അംഗത്വ കാമ്പയിനുകൾ സംഘടിപ്പിച്ച് കൂടുതൽ ഭാഗ്യക്കുറി വിൽപ്പനക്കാരെ ക്ഷേമനിധി അംഗങ്ങളാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ഇത്തരത്തിൽ കൂടുതൽ ഭാഗ്യക്കുറി വില്പനക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി ക്ഷേമനിധി പദ്ധതി വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബ്രോഷർ അച്ചടിക്കുകയും ആയത് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സംഘടിപ്പിച്ചിരുന്ന പ്രദർശനങ്ങളിലൂടെയും അംഗത്വ കാമ്പയിനുകളിലൂടെയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികളിലൂടെ ക്ഷേമനിധി അംഗത്വം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2009-ൽ ക്ഷേമനിധിയുടെ പ്രാരംഭ ഘട്ടത്തിൽ രണ്ടായിരത്തോളം അംഗങ്ങളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ക്ഷേമനിധി അംഗസംഖ്യ 4459 രജിസ്റ്റേർഡ് ഏജന്റുമാരും 28394 വിൽപ്പനക്കാരും ഉൾപ്പെടെ 32853 ആണ്.

(നികുതി വകുപ്പ് 15-6-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-7-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 19)</u>

ക്ഷേമനിധിയിൽ ഇതിനോടകം അംഗത്വം നേടിയിട്ടുള്ളവരും എന്നാൽ യഥാർത്ഥത്തിൽ ഭാഗ്യക്കുറി ഏജന്റുമാരോ ഭാഗ്യക്കുറി വില്പനക്കാരോ അല്ലാത്തവരുമായ എല്ലാവരുടെയും അംഗത്വം റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ അയ്യായിരത്തോളം രജിസ്റ്റേർഡ് ഭാഗ്യക്കുറി ഏജന്റുമാരും അംഗീകൃത ഏജന്റുമാരുടെ കീഴിൽ നിർദ്ദിഷ്ട എണ്ണം ടിക്കറ്റുകൾ വിൽപ്പന നടത്തി വരുന്ന മുപ്പതിനായിരത്തോളം വിൽപ്പനക്കാരും ക്ഷേമനിധിയിൽ അംഗങ്ങളാണ്. ക്ഷേമനിധി അംഗങ്ങളായ വിൽപ്പനക്കാർ ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗീകൃത ഏജന്റിന്റെ കീഴിൽ നിർദ്ദിഷ്ട എണ്ണം ടിക്കറ്റുകൾ വില്പന നടത്തുന്നതിന്റെ കണക്കുവിവരങ്ങൾ ടിക്കറ്റ് അക്കൗണ്ട് ബുക്ക് മുഖേന ഹാജരാക്കി കൃത്യമായി അംശദായം ഒടുക്കുന്നവരാകയാൽ അനർഹമായ അംഗത്വം കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നതിനാൽ ആരുടെയും അംഗത്വം അനർഹമാണെന്ന കാരണത്താൽ റദ്ദ് ചെയ്തിട്ടില്ല. നിലവിൽ വില്പനക്കാരൻ ഹാജരാക്കുന്ന ടിക്കറ്റ് അക്കൗണ്ട് ബുക്ക് മുഖേനയുള്ള കണക്ക് വിവരത്തിന് പുറമെ ഏജന്റിൽ നിന്നും ലഭിക്കുന്ന രസീത് കൂടി വാങ്ങി പരിശോധിച്ച് വിൽപ്പനക്കാരന്റെ സാധുത ഉറപ്പാക്കുന്നുണ്ട്. കൂടാതെ വിൽപ്പനക്കാരുടെ ട്രേഡ് യൂണിയനുകൾ മുഖേന പുതിയ അംഗത്വത്തിന് അപേക്ഷിക്കുന്നവരുടെ സാധുത പരിശോധിച്ച് ശിപാർശ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(നികുതി വകുപ്പ് 15-6-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-7-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 29)</u>

ഖണ്ഡിക 17(2)-ലെ 'വില്പനക്കാരനും' എന്നത് 'ഭാഗ്യക്കുറി വില്പനക്കാരനും' എന്നും ഖണ്ഡിക 17(3)-ലെ 'വിപ്പനക്കാരന്റെ' എന്നത് 'വില്പനക്കാരന്റെ' എന്നും തിരുത്തൽ വരുത്തണമെന്നും അതോടൊപ്പം വിജ്ഞാപനത്തിൽ 'വില്പനക്കാരൻ' എന്ന് ചേർത്തിട്ടുള്ള സ്ഥലത്തെല്ലാം 'ഭാഗ്യക്കുറി വില്പനക്കാരൻ' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

16-5-2020-ലെ എസ്.ആർ.ഒ. നമ്പർ 327/2020-ലെ 2(7)(ii) പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട് (അനുബന്ധം I). 17(3) സംബന്ധിച്ച ഭേദഗതി, വിജ്ഞാപനത്തിൽ 'വില്പനക്കാരൻ' എന്ന് ചേർത്തിട്ടുള്ള സ്ഥലത്തെല്ലാം 'ഭാഗ്യക്കുറി വില്പനക്കാരൻ' എന്ന് തിരുത്തൽ വരുത്തുന്നത് എന്നിവ പരിശോധിച്ച് വരികയാണ്.

(നികുതി വകുപ്പ് 7-1-2021-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 35)</u>

ഖണ്ഡിക 23(5)-ലെ 'പുനഃസ്ഥാപിക്കുവനോ' എന്നത് 'പുനഃസ്ഥാപിക്കുവാനോ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 36)</u>

ഖണ്ഡിക 24(2)-ന്റെ ആദ്യവരിയിലെ 'തീരുമാനത്തിനു' എന്നത് 'തീരുമാനത്തിൽ' എന്നും 'മാപ്പ് ചെയത് ' എന്നത് 'മാപ്പാക്കി' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 37)</u>

ഖണ്ഡിക 25- ലെ 'സാക്ഷിപത്രം' എന്നത് 'സാക്ഷ്യപത്രം' എന്നും ഖണ്ഡിക 26-ലെ 'ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസറുടെ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 39)</u>

ഖണ്ഡിക 28(1)-ലെ '.............. ഒരു റിപ്പോർട്ട് .............. ബോർഡ് അംഗീകരിക്കേണ്ടതും .............. സർക്കാരിന് സമർപ്പിക്കേണ്ടതാണ് ' എന്നതിലെ 'സമർപ്പിക്കേണ്ടതാണ് ' എന്നുള്ളത് 'സമർപ്പിക്കേണ്ടതുമാണ് ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 43)</u>

ഖണ്ഡിക 31(1)-ലെ 'പദ്ദതി ' എന്നത് 'പദ്ധതി' എന്നും ഖണ്ഡിക 31(3)-ലെ 'അർഹതരല്ലാതായിത്തീരും' എന്നത് 'അർഹരല്ലാതായിത്തീരും' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക 44)</u>

'അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്' എന്ന് ചേർത്ത് ഖണ്ഡിക 32(2)-ന് വ്യക്തത വരുത്തണമെന്നും പ്രസ്തുത ഖണ്ഡികയിലെ 'തെളിയിക്കുനന്നതിലേക്കായി' എന്നത് 'തെളിയിക്കുന്നതിലേക്കായി' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 48)

ഖണ്ഡിക 33, 34(1) എന്നിവയിലെ 'ഇൻഷുറൻസ് ' എന്നത് 'ഇൻഷ്വറൻസ് ' എന്നും ഖണ്ഡിക 34(1)-ലെ 'നിശ്ചിയിക്കുന്ന' എന്നത് 'നിശ്ചയിക്കുന്ന' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 51)

ഖണ്ഡിക 35(2)-ലെ 'ആവഷ്ക്കരിക്കുന്ന' എന്നത് 'ആവിഷ്ക്കരിക്കുന്ന' എന്നും ഖണ്ഡിക 36(2), 37(3) എന്നിവയിലെ 'ഉപകണ്ഡിക' എന്നത് 'ഉപഖണ്ഡിക' എന്നും, ഖണ്ഡിക 37(2)-ലെ 'വിവഹം' എന്നത് 'വിവാഹം' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 59)

ഖണ്ഡിക 42-ന്റെ അവസാന വരിക്ക് തൊട്ടുമുൻപുള്ള വരിയിലെ 'ക്ഷേമനിധിയി പദ്ധതി' എന്നത് 'ക്ഷേമനിധി പദ്ധതി' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡിക 35-37, 39, 43, 44, 48, 51, 59)

3-2-2016-ലെ ജി.ഒ.(പി.)നം.25/16/TD പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം II).

(നികുതി വകുപ്പ് 4-2-2016-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 7-12-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 41)

ക്ഷേമനിധിയിലേക്കുള്ള വിഹിതത്തിനായി ഓരോ തവണയും സർക്കാരിനെ സമീപിക്കാതെ തന്നെ ഓരോ സാമ്പത്തിക വർഷവും ഭാഗ്യക്കുറി വില്പനയിലൂടെ സർക്കാരിന് ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ 1% തുക നേരിട്ട് ബോർഡിന് ലഭിക്കുന്നതിനുള്ള വ്യവസ്ഥ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭാഗ്യക്കുറി വില്പനയിലൂടെ സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ 1% ക്ഷേമനിധി ബോർഡിന് വിഹിതമായി ഓരോ തവണയും സർക്കാരിനെ സമീപിക്കാതെ നേരിട്ട് ബോർഡിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ശിപാർശ അംഗീകരിക്കാൻ

നിർവ്വാഹമില്ല. ബോർഡിന് അർഹമായ വിഹിതം ബജറ്റിൽ വകയിരുത്തുന്നതിനും തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(നികുതി വകുപ്പ് 7-1-2021-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 42)

ഭാഗ്യക്കുറി വില്പനയ്ക്കുള്ള കമ്മീഷൻ തുക യഥാസമയം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഏജന്റുമാർ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്ന് ടിക്കറ്റുകൾ വാങ്ങുമ്പോൾ മുഖവിലയിൽ നിന്ന് ഡിസ്കൗണ്ട് കിഴിച്ചുള്ള തുകയാണ് ഈടാക്കുന്നത്. ഇപ്പോൾ ഏജന്റുമാർ ടിക്കറ്റ് വാങ്ങുന്ന സമയത്ത് തന്നെ ഡിസ്കൗണ്ട് അനുവദിക്കുന്നതിനാൽ ഡിസ്കൗണ്ട് പെന്റിംഗ് ഉണ്ടാവുകയില്ല.

(നികുതി വകുപ്പ് 15-6-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-7-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 46)

കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ചികിത്സയ്ക്ക് 25% കൂടുതൽ തുകയും, മുൻഗണനയും ക്ഷേമനിധി അംഗങ്ങൾക്ക് നൽകണമെന്നത് സംബന്ധിച്ച് ബോർഡ് തീരുമാനമെടുക്കുകയും ആയത് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാകുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ അഷ്വറൻസ് മോഡലിലുള്ള പദ്ധതിയും RSBY CHIS, CHIS എന്നീ ഇൻഷ്വറൻസ് പദ്ധതികളും കൂടി യോജിപ്പിച്ച് "കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി" എന്ന പുതിയ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. State Health Agency-യെ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നികുതി വകുപ്പിന് കീഴിലുള്ള കാരുണ്യ ബെനവലന്റ് പദ്ധതി 15-10-2020-ന് അവസാനിപ്പിച്ചിട്ടുണ്ട്.

(നികുതി വകുപ്പ് 7-1-2021-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 49)</u>

ഖണ്ഡിക 34 (1) പ്രകാരം ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ എത്രയും വേഗം നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

18-6-2013-ലെ ബോർഡ് യോഗ തീരുമാന പ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, പക്ഷാഘാതം, പ്രമേഹം ബാധിച്ച് അവയവങ്ങൾ നീക്കം ചെയ്യൽ എന്നിവയെ ഗുരുതര രോഗാവസ്ഥകളിൽ ഉൾപ്പെടുത്തി തീരുമാനിച്ച്, ടി രോഗാവസ്ഥയിൽ കിടത്തി ചികിത്സ നടത്തപ്പെട്ട ക്ഷേമനിധി അംഗങ്ങൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്, ആശുപത്രി/മരുന്ന് എന്നിവയുടെ ചെലവ് ബില്ലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബോർഡ് തീരുമാനപ്രകാരം പരമാവധി ഇരുപതിനായിരം രൂപ വരെ ക്ഷേമനിധി വിജ്ഞാപനം ഖണ്ഡിക 34(1) പ്രകാരം അനുവദിച്ച് വരുന്നുണ്ട്.

(നികുതി വകുപ്പ് 15-6-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-7-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>എസ്.ആർ.ഒ. നമ്പർ 756/2011</u>

<u>ശിപാർശ (ഖണ്ഡിക 74)</u>

ആക്ടിലെ 6-ാം വകുപ്പ് (3) (ഇ) ഉപവകുപ്പ് പ്രകാരം ഏഴ് അനൗദ്യോഗിക അംഗങ്ങളെയും ബോർഡിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

7 അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി ജി.ഒ.(പി.)നം.198/2014/ നി.വ. തീയതി 3-12-2014 പ്രകാരം ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം-III).

(നികുതി വകുപ്പ് 4-2-2016-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 7-12-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ (ഖണ്ഡിക 75)</u>

കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രികളിൽ ഭാഗ്യക്കുറി വിൽപ്പനയ്ക്കായി കൗണ്ടർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ടിക്കറ്റ് വിൽപ്പന LIMS (Lottery Information and Management System) software വഴിയാണ് നടത്തി വരുന്നത്. 14 ജില്ലാ ഓഫീസുകളിലും 3 താലൂക്ക് ഓഫീസുകളിലും LIMS മുഖേനയാണ് (e-payment) പണമിടപാടുകൾ നടത്തുന്നത്. 250 കോടി രൂപ വാർഷിക വരുമാനമുണ്ടായിരുന്ന (turn over) അവസരത്തിൽ നടപ്പാക്കിയ LIMS software മുഖേന ഇപ്പോൾ 6500 കോടി രൂപയിലധികം രൂപയുടെ പണമിടപാടുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ LIMS-ന മേൽ അധിക ജോലിഭാരം ഏൽപ്പിക്കുന്നത് ബുദ്ധിമുട്ടാണ്. Server upgradation-ന് വേണ്ടിയുള്ള നടപടികൾ വകുപ്പിൽ പുരോഗമിച്ചുവരുന്നു. കൂടാതെ നിലവിൽ വകുപ്പിനുകീഴിലുള്ള ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുകയും Server upgradation പൂർത്തിയാവുകയും ചെയ്തതിനുശേഷം കാരുണ്യ പദ്ധതിയുടെ കീഴിലുള്ള ആശുപത്രികളിൽ ഭാഗ്യക്കുറി വിൽപ്പനയ്ക്കായി കൗണ്ടർ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

(നികുതി വകുപ്പ് 4-2-2016-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 7-12-2016-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു.)

## സമിതി ആവശ്യപ്പെട്ട അധികവിവരം

കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രികളിൽ ഭാഗ്യക്കുറി വിൽപ്പനയ്ക്കായി കൗണ്ടർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

## സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി

ഭാഗ്യക്കുറി വകുപ്പ് നിലവിൽ നേരിട്ട് ടിക്കറ്റ് വിൽക്കുന്നില്ല. രജിസ്റ്റേർഡ് ഏജന്റുമാർ മുഖേനയാണ് ഭാഗ്യക്കുറി ടിക്കറ്റുകൾ വിറ്റുവരുന്നത്. ആശുപത്രി പരിസരങ്ങളിൽ നിലവിൽ വകുപ്പിന്റെ ഏജന്റുമാർ ടിക്കറ്റ് വിൽപ്പന നടത്തുന്നുണ്ട്. ആശുപത്രികളിൽ വകുപ്പ് നേരിട്ട് ലോട്ടറി വിൽപ്പന കൗണ്ടറുകൾ ആരംഭിക്കുന്നത് ആ പ്രദേശത്ത് ഭാഗ്യക്കുറി വിൽപ്പനയിലൂടെ ഉപജീവനം കണ്ടെത്തുന്ന ഏജന്റുമാരുടെ വിൽപ്പനയെ പ്രതികൂലമായി ബാധിക്കും. മാത്രവുമല്ല കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിലുള്ള സർക്കാർ ആശുപത്രികളിലും അക്രഡിറ്റഡ് സ്വകാര്യ ആശുപത്രികളിലും വിൽപ്പന കൗണ്ടർ ആരംഭിക്കുന്നതിനുള്ള സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ക്രമീകരിക്കുന്നത്

അപ്രായോഗികവുമാണ്. ആയതിനാൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രികളിൽ വകുപ്പ് നേരിട്ട് കൗണ്ടർ ആരംഭിക്കുന്നത് പ്രതികൂല പ്രതികരണങ്ങൾ സൃഷ്ടിച്ചേക്കാം.

ഭാഗ്യക്കുറി വകുപ്പ് നേരിട്ട് ടിക്കറ്റ് വിൽക്കാത്ത സാഹചര്യത്തിലും മേൽപ്പറഞ്ഞ മറ്റ് കാരണങ്ങളാലും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിലുൾപ്പെട്ട ആശുപത്രികളിൽ ഭാഗ്യക്കുറി വിൽപ്പനയ്ക്കായി കൗണ്ടറുകൾ ആരംഭിക്കുന്നത് ഉചിതമല്ലായെന്ന് കാണുന്നു.

(നികുതി വകുപ്പ് 13-10-2017-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12-2-2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 76)

സംസ്ഥാനത്തിന്റെ പ്രധാന നികുതിയേതര വരുമാനമായ ഭാഗ്യക്കുറിയുടെ സാമ്പത്തിക വിജയത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ഉദ്ദേശിച്ച രീതിയിൽ തന്നെ ഫലപ്രാപ്തിയിലെത്തുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

3-12-2014-ലെ ജി.ഒ.(പി.)നം.198/2014/നി.വ. ഉത്തരവ് പ്രകാരം ഭാഗ്യക്കുറി ഏജന്റുമാരെയും വിൽപ്പനക്കാരെയും പ്രതിനിധാനം ചെയ്യുന്ന 5 അനൗദ്യോഗിക അംഗങ്ങളെ കൂടി ഉൾപ്പെടുത്തി 7 അനൗദ്യോഗിക അംഗങ്ങളും 4 ഔദ്യോഗിക അംഗങ്ങളും ഉൾക്കൊള്ളുന്ന തരത്തിൽ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വിപുലീകരിച്ചു. വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ഓണം അലവൻസ്, വിദ്യാഭ്യാസ അവാർഡ്, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ എന്നിവയുൾപ്പെടെ 2011-12 സാമ്പത്തിക വർഷത്തിൽ 2.82 കോടി രൂപയുടെയും 2012-13-ൽ ആറ് കോടി രൂപയുടെയും 2013-14-ൽ 7.14 കോടി രൂപയുടെയും 2014-15-ൽ 10.02 കോടി രൂപയുടെയും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് ഉപകരിക്കുന്ന ഒറ്റത്തവണ സ്കോളർഷിപ്പ് പദ്ധതി സർക്കാർ അനുമതിയോടെ നടപ്പാക്കുകയും ആ ഇനത്തിൽ 8,75,000 രൂപ അനുവദിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ 2015 നവംബർ വരെ 12.81 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്കുള്ള വാഹന വായ്പാ പദ്ധതി തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(നികുതി വകുപ്പ് 4-2-2016-ലെ 25455/എച്ച്1/2015/നി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 7-12-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

## സമിതിയുടെ (2011-14)-യുടെ എട്ടാമത് റിപ്പോർട്ടിലെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാനുള്ള ശിപാർശയും സമിതിയുടെ തുടർശിപാർശയും

### ശിപാർശ (ഖണ്ഡിക 17)

ഭാഗ്യക്കുറി ഏജന്റുമാർക്ക് സബ് ഏജന്റുമാരെ നിയമിക്കാമെന്നുള്ളതിനാൽ അവരുടെ സഹായത്തോടെ ഭാഗ്യക്കുറി വിൽപ്പനക്കാരുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് അംഗീകൃത ഭാഗ്യക്കുറി ഏജന്റുമാർക്ക് കർശന നിർദ്ദേശം നൽകണമെന്നും തങ്ങളുടെ കീഴിലുള്ള ഭാഗ്യക്കുറി സബ് ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ ഓരോ ഭാഗ്യക്കുറി ഏജന്റും സൂക്ഷിക്കേണ്ടതാണെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല ജില്ലാ ഭാഗ്യക്കുറി ക്ഷേമ ആഫീസറിൽ നിക്ഷിപ്തമാക്കി തീരുമാനം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

(12-2-2021-ൽ ചേർന്ന സമിതി യോഗം, നടപടി പത്രിക അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.)

**തുടർശിപാർശ**

ഖണ്ഡിക 17-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി പത്രിക അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

എം. എം. മണി,
അദ്ധ്യക്ഷൻ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

തിരുവനന്തപുരം,
2022 മാർച്ച് 16.

## <u>അനുബന്ധം I</u>

## അനുബന്ധം III